(സി) 2002-03 വർഷത്തിൽ ഫയൽ ചെയ്ത 269 കേസുകളിൽ ഒന്നുംതന്നെ തീർപ്പ് കൽപ്പിച്ചിട്ടില്ല. ഈ കേസുകൾ അതാത് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളിൽ വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

പോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് നിയമനത്തിന്റെ മാനദണ്ഡം

158 [5303] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് നിയമനത്തിന് നിലവിൽ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ളവരിൽ മാനദണ്ഡ പ്രകാരം നിയമനം ലഭിച്ചവർ എത്ര; പ്രൊമോഷനും മറ്റു മാർഗ്ഗങ്ങൾ മുഖേനയും നിയമനം ലഭിച്ചവർ എത്ര;

(സി) ഫാർമസിസ്റ്റ് നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയ്ക്കുവേണ്ടി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടത്തി; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷവും താൽക്കാലികമായി നഴ്സ്-കം-ഫാർമസിസ്റ്റ് പ്രൊമോഷൻ ലഭിച്ചവർ തുടരുന്നത് അവസാനിപ്പിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി കൊടുക്കുന്നു.

(ബി) ഫാർമസിസ്റ്റ് തസ്തികയിൽ ഇപ്പോഴുള്ളവരിൽ നിലവിലുള്ള മാനദണ്ഡ പ്രകാരം നിയമനം ലഭിച്ചവർ ആരും തന്നെയില്ല. താൽക്കാലിക പ്രൊമോഷൻ വഴിയായും ദിവസക്കൂലിയടിസ്ഥാനത്തിലും 102 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി) പ്രൊമോഷനും നേരിട്ടുള്ള നിയമനവും 1:1 എന്ന അനുപാതത്തിലാണ്.

(ഡി) 40 നിയമനങ്ങൾ നടത്തി:

കാസർഗോഡ്	..	10
കോഴിക്കോട്	..	3
കണ്ണൂർ	..	4
മലപ്പുറം	..	1
വയനാട്	..	2
തൃശ്ശൂർ	..	4
ഇടുക്കി	..	2
പാലക്കാട്	..	1
എറണാകുളം	..	2
കോട്ടയം	..	3
ആലപ്പുഴ	..	3
പത്തനംതിട്ട	..	2
കൊല്ലം	..	3

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റ്, ഫാർമസിസ്റ്റ് തസ്തികയിലേക്കുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് (12-4-1999) മുമ്പുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. 12-4-1999-നുശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യത ഉള്ളവരെ മാത്രമേ നിയമിക്കാനാവൂ. ഇപ്രകാരം യോഗ്യരായവർ ലഭ്യമല്ലാത്തതിനാലാണ് പി.എസ്.സി.-യിൽനിന്നും നിയമനം നടത്തുന്ന മുറയ്ക്ക് പഴയ വ്യവസ്ഥയിലേക്ക് തിരിച്ചയയ്ക്കപ്പെടുമെന്ന വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത്.

കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം

159 [5304] ശ്രീ. കെ. പി. മോഹനൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേരിട്ടോ ഫാർമസിസ്റ്റുകളുടെ പി.എസ്.സി. ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കേ ഇതേ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുകളുടെ ഒഴിവിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിലെ പി.എസ്.സി. ലിസ്റ്റിലുള്ള എത്ര പേർക്ക് നിയമനം കൊടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് നിയമനം കൊടുക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 12-4-1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ അനുസരിച്ച് ഫാർമസിസ്റ്റ് തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത നഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് ആണ്. നിലവിലുള്ള റാങ്ക് ലിസ്റ്റ് ടി യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതല്ല. ആയതിനാൽ 12-4-1999-ന് ശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ കഴിയില്ല. 12-4-1999-ന് മുമ്പ് വന്ന ഒഴിവുകളിൽ ഈ ലിസ്റ്റിൽ നിന്നും 40 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) കരാർ അടിസ്ഥാനത്തിൽ ആരേയും നിയമിച്ചിട്ടില്ല.

(സി) 4 പേർക്ക് (12-4-1999-ന് മുമ്പ് ഉണ്ടായ ഒഴിവുകളിലാണ്).

(ഡി) 'എ' യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മുദ്രപ്പത്ര നിരക്ക് മൂന്നിലൊന്നായി കുറയ്ക്കാൻ നടപടി

160 [5305] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുദ്രപ്പത്ര നിരക്ക് മൂന്നിലൊന്നായി കുറയ്ക്കുവാനുള്ള സർക്കാർ നടപടി ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly